"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. ജി. ശ്രീകുമാറിന് പ്രത്യേക അവശതാവധി അനുവദിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.298/2023/F&WLD തീയതി,തിരുവനന്തപുരം, 10-08-2023.

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.07.2023 ലെ ഇ8-4168/23 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ, പുനലൂർ ഫ്ലൈയിങ് സ്ക്വാഡ് ഡിവിഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ജി. ശ്രീകുമാറിന് 19.05.2023 മുതൽ 19.08.2023 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്ത് പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീ. ജി. ശ്രീകുമാർഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി 18.05.2023 ന് കൊല്ലം സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഇത്തിക്കര ബ്ലോക്കിലെ കയർ റൂട്ട് നഴ്സറിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് ഓഫീസിലേയ്ക്ക് മടങ്ങും വഴി ടിയാന് അപകടം സംഭവിച്ചതിനെ തുടർന്ന് കൊല്ലം NS Memorial Institute of Medical Sciences ൽ അഡ്മിറ്റ് ചെയ്യുകയും, ടിയാന്റെ വലതു കാലിന് ഒടിവ് സംഭവിച്ചതു മൂലം ശസ്ത്രക്രിയ നടത്തുകയും ചെയ്തിരുന്നു. ടിയാന് അപകടം സംഭവിച്ചത് ഔദ്യോഗിക കൃത്യനിർവഹണത്തിന് ഇടയിലാണെന്ന മേലധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. കൂടാതെ കൊല്ലം NS Memorial Institute of Medical Sciences ൽ നിന്നും ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, പുനലൂർ ഫ്ലൈയിങ് സ്ക്വാഡ് ഡിവിഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ജി. ശ്രീകുമാറിന് 19.05.2023 മുതൽ 19.08.2023 വരെ 93 ദിവസത്തേയ്ക്ക്, കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം (സേവനപുസ്തകം സഹിതം).

ശ്രീ. ജി. ശ്രീകുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

സ.ഉ.(സാധാ) നം.298/2023/F&WLD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (04.08.2023 ലെ 2508868/അഗ്രി-എ1/197/2023-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 10-08-2023 12:56:19